നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 16

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി - പി.പി.പി.മോഡൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ :<br>ശ്രീ. എം. ഹംസ :<br>ശ്രീ. ടി.വി. രാജേഷ് :<br>ശ്രീ. ബി.സത്യൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സർക്കാർ ഉടമസ്ഥതയിൽ ലാൻഡ് ലോർഡ് പോർട് മോഡലിൽ വിഴിഞ്ഞം തുറമുഖ പദ്ധതി വികസിപ്പിക്കുന്നതിന് തയ്യാറാകാതെ പി.പി.പി. മോഡലിലേക്ക് മാറിയതിന്റെ കാരണം വെളിപ്പെടുത്താമോ ; | (എ) 2010 ഒക്ടോബറിൽ സർക്കാർ പി.പി.പി ഘടകങ്ങളോടു കൂടി നിർമ്മിക്കാൻ നിശ്ചയിച്ച ലാന്റ് ലോർഡ് മാതൃകയിൽ കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് കിട്ടുന്നതിനു വേണ്ടി പി.പി.പി ഘടകങ്ങൾ വർദ്ധിപ്പിച്ച് പദ്ധതി പുനർ നിർണ്ണയം ചെയ്യുക മാത്രമാണ് 2013 നവംബറിൽ സർക്കാർ ചെയ്തിട്ടുള്ളത്. |
| (ബി) സർക്കാർ ഉടമസ്ഥതയിൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ തുക പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ കഴിയുമോ; അതിനായി മുൻസർക്കാർ നടത്തിയിരുന്ന ശ്രമങ്ങൾ വിശദമാക്കാമോ ; | (ബി) സർക്കാർ ഉടമസ്ഥതയിൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ തുക സംസ്ഥാന സർക്കാരിന്റെ ക്രെഡിറ്റ് റേറ്റിംഗിന് വിധേയമായും, പദ്ധതിയുടെ വയബിലിറ്റി ആസ്പദമാക്കിയും പൊതു മേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുവാൻ സാധിയ്ക്കും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതിയുടെ ബാങ്ക് കൺസോർഷ്യം ലീഡ് മെമ്പർ ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമായി 14/01/2011 ൽ ഒരു ധാരണാ പത്രം തുറമുഖ കമ്പനി ഒപ്പിട്ടിരുന്നു. അതനുസരിച്ച് അവർ 150 കോടി രൂപ പദ്ധതിയ്ക്ക് കടം നല്കുന്നതിനു സമ്മതിച്ചിരുന്നു. ബാങ്കിൽ നിന്നും കിട്ടാവുന്ന ബാക്കി കടം സൗകര്യപ്പെടുത്തി തരുന്നതിനും, ബാങ്ക് അല്ലാതെ മറ്റു സ്ഥാപനങ്ങളിൽ നിന്നും |

കിട്ടുന്ന ലോൺ SBI Caps Ltd മായി സഹകരിച്ച് തരപ്പെടുത്തി തരുന്നതിനും സഹായിക്കാം എന്ന് ധാരണാ പത്രത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു.

(സി) പി.പി.പി. മോഡൽ സ്വീകരിക്കാനിടയായ സാഹചര്യം എന്തായിരുന്നു ; ഇപ്പോൾ സ്വീകരിച്ച നിലപാട് സംസ്ഥാനത്തിന്റെ താല്പര്യത്തിന് അനുകൂലമാണോ എങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ;

(സി) 2010 ൽ സർക്കാർ പി.പി.പി ഘടകങ്ങളോടു കൂടി നിർമ്മിക്കാൻ നിശ്ചയിച്ച ലാന്റ് ലോർഡ് മാതൃകയിൽ കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിന് വേണ്ടി പി.പി.പി ഘടകങ്ങൾ വർദ്ധിപ്പിച്ച് പുനർ നിർണ്ണയിക്കുക മാത്രമാണ് 2013 ൽ ചെയതിട്ടുള്ളത്. ഇപ്പോൾ സ്വീകരിച്ച ഘടന 2010 ലെ മോഡലുമായി താരതമ്യപ്പെടുത്തിയാൽ, റവന്യൂ ഷെയർ ഉള്ളതുകൊണ്ടും, സംസ്ഥാനത്തിന്റെ നിക്ഷേപം കുറവായതുകൊണ്ടും വയബിലിറ്റി ഗ്യാപ് ഫണ്ട് കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതുകൊണ്ടും മെയിന്റനൻസ് ഡ്രെഡ്ജിംഗ് സ്വകാര്യ പങ്കാളിയുടെ ഉത്തരവാദിത്തം ആയതിനാലും സംസ്ഥാന താല്പര്യങ്ങൾക്ക് അനുകൂലമാണ്.

ഡി) ടെണ്ടറിൽ പങ്കെടുത്ത ഏക സ്ഥാപനത്തിന്റെ ഉടമയുമായി മുഖ്യമന്ത്രി നേരിൽ സംസാരിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; വ്യക്തമാക്കുമോ ;

(ഡി) ടെണ്ടറിൽ പങ്കെടുത്ത M/s Adani Ports & Special Economic Zone Ltd ന്റെ ചെയർമാനുമായി, ടി കമ്പനിയുടെ പോർട്ട് ഡയറക്ടർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി സംസാരിച്ചിരുന്നു. 2015 മാർച്ച് 3 ന് ഡൽഹിയിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ ടെണ്ടർ വ്യവസ്ഥകളെ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നിട്ടില്ല. ആരും ടെണ്ടറിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ടെണ്ടർ സമർപ്പിക്കുന്ന തീയതിയ്ക്കു മുമ്പ് നടന്ന ഈ ചർച്ചയിൽ ടെണ്ടറിൽ പങ്കെടുക്കാൻ കമ്പനിയിൽ താല്പര്യം ജനിപ്പിക്കുക മാത്രമായിരുന്നു

ഉദ്ദേശം. ഈ ചർച്ചയിൽ മുഖ്യമന്ത്രിയോടൊപ്പം തുറമുഖ വകുപ്പു മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി (തുറമുഖം), ഡൽഹി റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, തുറമുഖ കമ്പനി പ്രോജക്ട് മാനേജർ എന്നിവരും ഉണ്ടായിരുന്നു.

(ഇ) ടെണ്ടർ വിളിച്ചതിനു ശേഷം ഡൽഹിയിലും മുംബൈയിലും തിരുവനന്തപുരത്തും വെച്ച് നടന്ന ഏതെല്ലാം ചർച്ചകളിൽ മുഖ്യമന്ത്രിയും തുറമുഖ മന്ത്രിയും പങ്കെടുക്കുകയുണ്ടായി ; ഓരോ ചർച്ചയിലും പങ്കെടുത്തവർ ആരെല്ലാമായിരുന്നു ?

(ഇ) ഈ ടെണ്ടർ വിളിച്ചതിനു ശേഷം ഡൽഹി, ബോംബെ, തിരുവനന്തപുരം എന്നിവിടങ്ങളിൽ ടെണ്ടറിന്റെ ഭാഗമായി നടന്ന പ്രീ-ആപ്ലിക്കേഷൻ മീറ്റിംഗുകളിലും, പ്രീ-ബിഡ് മീറ്റിംഗുകളിലും Technical, Financial & Legal മീറ്റിംഗുകളിലും ഒന്നും തന്നെ മുഖ്യമന്ത്രിയും തുറമുഖ വകുപ്പു മന്ത്രിയും പങ്കെടുത്തിരുന്നില്ല. തുറമുഖ വകുപ്പു സെക്രട്ടറി, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, മറ്റു ഉദ്യോഗസ്ഥർ, കമ്പനിയുടെ ഉപദേശകർ, പ്ലാനിംഗ് ബോർഡ് മുൻ പ്രിൻസിപ്പൽ അഡ്വൈസർ (ഇൻഫ്രാസ്ട്രക്ച്ചർ) എന്നിവർ പങ്കെടുത്തു. ബോംബെയിൽ 2014 ജനുവരി മാസം 16-ാം തീയതി നടന്ന റോഡ് ഷോയിൽ (Investor meeting) തുറമുഖ വകുപ്പ് മന്ത്രി, തുറമുഖ വകുപ്പ് സെക്രട്ടറി, തുറമുഖ കമ്പനി മാനേജിംഗ് ഡയറക്ടർ, മറ്റു ഉദ്യോഗസ്ഥർ, കമ്പനിയുടെ ഉപദേശകർ, സംസ്ഥാന പ്ലാനിംഗ് ബോർഡ് മുൻ പ്രിൻസിപ്പൽ അഡ്വൈസർ (ഇൻഫ്രാസ്ട്രക്ച്ചർ), സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ എന്നിവർ പങ്കെടുത്തു.

സെക്ഷൻ ഓഫീസർ